**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2606** **06-10-2025-ൽ മറുപടിയ്ക്ക്**

**<u>കെ. എസ്. എഫ്. ഇ. യിലെ ശമ്പള പരിഷ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അൻവർ സാദത്ത് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച സർക്കാർ ഉത്തരവ് ജി. ഒ. (പി) നം. 131/2022 കെ. എസ്. എഫ്. ഇ. യിൽ നടപ്പിൽ വരുത്തിയിട്ടുണ്ടോ; കെ. എസ്. എഫ്. ഇ. യെ ഈ ഉത്തരവിൽ നിന്നും ഒഴിവാക്കുന്നത് പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.131/2022 കെ.എസ്.എഫ്.ഇ.യിൽ നടപ്പിൽ വരുത്തിയിട്ടില്ല. ടി ഉത്തരവിൽ നിന്നും കെ.എസ്. എഫ്.ഇ.യെ ഒഴിവാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ ലഭ്യമാക്കിയിട്ടുള്ള കത്തിലെ ആവശ്യം സർക്കാർ പരിശോധിച്ച് വരുന്നു.

**(ബി)** കെ. എസ്. എഫ്. ഇ. യിൽ 2022 ജൂലൈ 31-ന് അവസാനിച്ച ശമ്പള പരിഷ്കരണ കരാറിന്റെ കാലാവധി മൂന്ന് വർഷം കഴിഞ്ഞിട്ടും ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇതിനെതിരെ ജീവനക്കാരും സംഘടനകളും സമരപരിപാടികളുമായി മുന്നോട്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാർ ഉന്നയിച്ച വിഷയങ്ങളെ അധികരിച്ച് കെ.എസ്.എഫ്.ഇ മാനേജ്മെന്റ് തൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടത്തിവരികയാണ്. ശമ്പള പരിഷ്കരണം നടപ്പിലാക്കാ ത്തതിനെതിരെ ജീവനക്കാരും സംഘടനകളും സമരപരിപാടി കളുമായി മുന്നോട്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** കെ. എസ്. എഫ്. ഇ. പോലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽ ശമ്പള പരിഷ്കരണം നടത്തുന്നത് എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആണെന്ന് അറിയിക്കുമോ; ഇതിനായുള്ള ചർച്ചകൾ നടത്തുന്നത് ആരൊക്കെയാണെന്ന് അറിയിക്കുമോ; ഇതിനായി ശമ്പള പരിഷ്കരണ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കെ. എസ്. എഫ്. ഇ. യിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തുന്നത് എങ്ങനെയെന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** സ.ഉ.(കൈ)നം.109/2025/ധന തീയതി 30/08/2025 പ്രകാരം സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണം അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ശമ്പള പരിഷ്കരണം സംബന്ധിച്ച്

ജീവനക്കാരുടെ സംഘടനകളും കെ.എസ്.എഫ്.ഇ മാനേജ്മെന്റും തമ്മിൽ ഉഭയകക്ഷി ചർച്ചകൾ നടത്തി എത്തിച്ചേരുന്ന കരാർ സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിക്കുകയും സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് ശമ്പള പരിഷ്കരണം നടപ്പാക്കുകയുമാണ് ചെയ്യുന്നത്. കെ.എസ്.എഫ്.ഇ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടത്തുന്നതിനായി ശമ്പള പരിഷ്കരണ കമ്മീഷനെ നിയോഗിച്ചിട്ടില്ല.

**(ഡി)** കെ. എസ്. എഫ്. ഇ. യിൽ മാനേജ്മെന്റും യൂണിയനുകളുമായി ഉഭയകക്ഷി ചർച്ച നടത്തി ശമ്പള പരിഷ്കരണ കരാറിൽ എത്തി ചേരുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ അത്തരത്തിലുള്ള ഏതെങ്കിലും ഉത്തരവ് കെ. എസ്. എഫ്. ഇ. ക്ക് മാത്രമായി നൽകിയിട്ടുണ്ടോ; മുൻകാലങ്ങളിൽ ഇത്തരത്തിൽ കെ. എസ്. എഫ്. ഇ. യിൽ ശമ്പള പരിഷ്കരണ ചർച്ചകൾ നടത്തി ഉഭയകക്ഷി കരാറിൽ എത്തിച്ചേരാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

**<u>മറുപടി:</u>** സ.ഉ.(കൈ)നം.109/2025/ധന തീയതി 30/08/2025 പ്രകാരം സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണം അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. സ.ഉ.(സാധാ)നം.255/2025/നികുതി തീയതി 19/03/2025 പ്രകാരം കെ.എസ്.എഫ്.ഇ യിൽ ശമ്പള പരിഷ്കരണ ചർച്ചകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മുൻകാലങ്ങളിൽ ഇത്തരത്തിൽ കെ.എസ്.എഫ്.ഇ യിൽ ശമ്പള പരിഷ്കരണ ചർച്ചകൾ നടത്തി ഉഭയകക്ഷി കരാറിൽ എത്തി ചേരാൻ മുൻകൂർ അനുമതി തേടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് നൽകിയിട്ടില്ല.

**(ഇ)** കമ്പനി / തൊഴിൽ നിയമപ്രകാരം മാനേജ്മെന്റും തൊഴിലാളി പ്രതിനിധികളും ചേർന്ന് ചർച്ച നടത്തി ധാരണയിൽ എത്തിച്ചേരേണ്ട സേവന വേതന ഉഭയകക്ഷി വ്യവസ്ഥകളിൻമേൽ സർക്കാർ മുൻകൂറായി നിയന്ത്രണം രേഖപ്പെടുത്തി എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുമോ; ആയതിന് നിയമ പ്രാബല്യം ലഭിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കെ.എസ്.എഫ്.ഇ യിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ സ.ഉ.(സാധാ)നം.255/2025/നികുതി തീയതി 19/03/2025 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**(എഫ്)** കെ. എസ്. എഫ്. ഇ. യിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയാൽ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കെ.എസ്.എഫ്.ഇ യുടെ തനത് ഫണ്ടിൽ നിന്നാണ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് എന്നതിനാൽ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.

**(ജി)** കെ. എസ്. എഫ്. ഇ. രൂപീകൃതമായ ശേഷം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയതിലൂടെ നാളിതുവരെ സർക്കാരിന് എന്തെങ്കിലും തരത്തിലുള്ള സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>മറുപടി:</u>** ഉണ്ടായിട്ടില്ല.

**സെക്ഷൻ ഓഫീസർ**